## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1222

1.7.2015 – ൽ മറുപടിയ്ക്ക്

## കയർ മേഖലയിൽ സ്റ്റാർട്ട് അപ്പ് ഇൻക്യൂബേറ്റർ

| ചോദ്യം<br>ശ്രീ. കെ.ശിവദാസൻ നായർ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എ.റ്റി.ജോർജ്<br>,, എം.പി.വിൻസെന്റ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് കയർ മേഖലയിൽ സ്റ്റാർട്ട്-അപ്പ് ഇൻക്യൂബേറ്റർ തുടങ്ങാനുദ്ദേശിക്കു ന്നുണ്ടോ ; | (എ) 2013–14 ബഡ്ജറ്റ് പ്രസംഗത്തിൽ, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനു വേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടു ണ്ട്. അതു നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ബി) എങ്കിൽ ഇത് വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) കയർമേഖലയിൽ പുതിയ ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക. നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും പദ്ധതികളും ഉപയോഗിച്ച് നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ബിസിനസ് സംരംഭങ്ങളെ സഹായിക്കുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ. |

| | |
|---|---|
| സി) പുതിയ കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് യുവ സംരംഭകർക്ക് വേണ്ട സഹായം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | സി) നൂതന ആശയങ്ങൾ, പുതിയ സാങ്കേതിക വിദ്യ, ഇന്നവേഷൻ, നൂതന കണ്ടുപിടിത്തങ്ങൾ എന്നിവ പങ്കുവയ്ക്കാൻ കഴിവുള്ള യുവസംരംഭകരെ കയർ മേഖലയിലേക്ക് ആകർഷിക്കുവാൻ ഈ പദ്ധതി സഹായകരമാകുമെന്ന് കരുതുന്നു. |
| ഡി) യുവ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇത് വഴി ലഭിക്കുന്നത്; വിശദമാക്കാമോ? | ഡി) നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി നൂതന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും, ഏജൻസികൾക്കും ഇതിന്റെ സഹായം ലഭിക്കുന്നു. കയർ മേഖലയിൽ ഗവേഷണ വികസന സ്ഥാപനമായ എൻ സി ആർ എം ഐ യുടെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ